# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5135      23.3.2018 -ൽ മറുപടിക്ക്

## സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക്

**ചോദ്യം**

**ശ്രീ.കെ. കൃഷ്ണൻകുട്ടി**
**,, സി.കെ.നാണു**
**,, കെ.ബി.ഗണേഷ് കുമാർ**
**,, കോവൂർ കുഞ്ഞുമോൻ**

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്രയാണ്; ഇത് ദേശീയ ശരാശരിയേക്കാൾ എത്ര വ്യത്യാസമുണ്ട്;

(എ) ജനസംഖ്യയുടെയും സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിലില്ലായ്മ നിരക്ക് കണക്കാക്കുമ്പോൾ സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് 10.5 ആണ്. ദേശീയ തൊഴിലില്ലായ്മ നിരക്ക് 3.90 ഉം. ഇതിൽ നിന്നും സംസ്ഥാനത്തെ തൊഴിവില്ലായ്മ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ് എന്നതാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) തൊഴിൽരഹിതരായ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിൽ അഭ്യസ്തവിദ്യരായവർ എത്രയാണ്;

(ബി) സ്ത്രീകൾ-22,21,034
പുരുഷന്മാർ — 12,96,377
ഇവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിരക്ഷരർ | 4,057 |
| എസ്.എസ്.എൽ.സി —യ്ക്ക് താഴെ | 3,63,688 |
| എസ്.എസ്.എൽ.സി | 20,02,675 |
| പ്ലസ്സ് ടു | 7,81,823 |
| ബിരുദം, | 2,95,551 |
| ബിരുദാനന്തര ബിരുദം | 69617 |
| ആകെ | 35,17,411 |

ഇതിൽ നിരക്ഷരരായ 4,057 പേരെ ഒഴിവാക്കിയാൽ അഭ്യസ്ത വിദ്യരായവർ 35,13,354 പേരാണ്.

(സി) തൊഴിലില്ലായ്മ നിരക്ക് കുറച്ചു കൊണ്ടു വരുന്നതിന് സമഗ്രമായ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് ആവശ്യമായ മൃദു നൈപുണ്യ പരിശീലനം നൽകി വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി സമൂഹം അഭിമുഖീകരിക്കുന്ന രൂക്ഷമായ തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുന്നതിന് നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

**എംപ്ലോയബിലിറ്റി സെന്റർ**

കേരളത്തിലെ എംപ്ലോയ് മെന്റ് എക് സ് ചെയ്ഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കിമാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012 -13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാനസർക്കാർ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്, എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം തൊഴിൽ നൈപുണ്യം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്.

**കരിയർ ഡെവലപ്മെന്റ് സെന്റർ.**

ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന കേന്ദ്രമായിരിക്കും കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ

ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റെൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. തൊഴിൽ അവബോധ, പരിശീലന ക്ലാസുകൾ നയിക്കുന്നതിന് അതാതു മേഖലയിൽ വൈദഗ്ധ്യമുള്ള ഫാക്കൽറ്റികളുടെ സേവനമാണ് പ്രയോജനപ്പെടുത്തുന്നത്.

## മോഡൽ കരിയർ സെന്റർ പദ്ധതി

കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി , രാജ്യത്തുടനീളം കരിയർ സേവനങ്ങളും മാർഗ നിർദ്ദേശങ്ങളും നൽകി രാജ്യത്തിലെ വർധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ് മോഡൽ കരിയർ സെന്റർ . ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിങ് നൽകുകയും ഏതെങ്കിലും നൈപുണ്യത്തിന്റെ അഭാവമുള്ളപക്ഷം അവരെ പരിശീലന കേന്ദ്രത്തിലേക്ക് നയിച്ച് നൈപുണ്യ പരിശീലനം നൽകി ശരിയായ തൊഴിൽ നേടിയെടുക്കുന്നതിന് മോഡൽ കരിയർ സെന്ററുകൾ പ്രയോജനപ്പെടുന്നുണ്ട്.

വിവിധ തൊഴിലുകളെ കുറിച്ചും ലഭ്യമായ പരിശീലനപരിപാടികളെ കുറിച്ചും അറിയുന്നതിന് ഉദ്യോഗാർത്ഥികൾക്ക് NCS പോർട്ടലിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇൻഫർമേഷൻ ടെക്നോളജി പൂർണ്ണമായും ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററിൽ ഉദ്യോഗാർത്ഥികൾക്ക് www .ncs.gov.in എന്ന ജോബ് പോർട്ടലിൽ ഒറ്റ തവണ രജിസ്ട്രേഷൻ നടത്തി ,അവർക്കു നേരിട്ട് മോഡൽ കരിയർ സെന്ററിലെ കൗൺസിലിങ്.

| | | |
|---|---|---|
| | | വേക്കൻസി ആവശ്യപ്പെടുന്ന ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്,കരിയർ സെന്റർ മുഖേന നടത്തുന്ന ജോബ് മേള എന്നിവ എല്ലാ സുതാര്യതയോടും കൂടി ബുക്ക് ചെയ്യാവുന്നതാണ്. നിലവിൽ സ്വകാര്യമേഖലയിലുള്ള തൊഴിൽ പോർട്ടലിൽ നിന്നും വ്യത്യസ്തമായി അപേക്ഷകരുമായി ആശയവിനിമയം നടത്തുകയും ആവശ്യമുണ്ടെങ്കിൽ തൊഴിലന്വേഷകർക്ക് കൗൺസിലിങ്ങും ട്രെയിനിങ്ങും ഏർപ്പെടുത്തി സാമർഥ്യമുള്ളവരാക്കിയശേഷം മികച്ച തൊഴിൽ ദായകരെ കണ്ടെത്തി തൊഴിൽ നേടുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് മോഡൽ കരിയർ സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ഡി) | സംസ്ഥാനത്തിന്റെ ഉത്പാദന നിർമ്മാണ മേഖലകളിലെ വളർച്ചാതോത് കുറഞ്ഞതിന്റെ ഫലമായി എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് ആവിഷ്കരിക്കുന്നത് എന്നറിയിക്കാമോ? | (ഡി) പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ